## Launch of booklet on 'Pre departure information for Indians going to the European Union'

November 11, 2021

---

## 'യൂറോപ്യൻ യൂണിയനിലേക്ക് പോകുന്ന ഇന്ത്യക്കാർക്ക് പുറപ്പെടുന്നതിന് മുമ്പുള്ള വിവരങ്ങൾ' എന്ന ലഘുലേഖയുടെ പ്രകാശനം

നവംബർ 11, 2021

യൂറോപ്യൻ യൂണിയനിലേക്ക് പോകുന്ന കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനും അവർക്ക് സഹായകരമാകുന്നതിനുമായി, ഇന്ത്യാ സെന്റർ ഫോർ മൈഗ്രേഷൻ (ICM), വിദേശകാര്യ മന്ത്രാലയത്തിന്റെയും (MEA) ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെയും (ILO) വൈജ്ഞാനികർ ഒരു പ്രി ഡിപ്പാർച്ചർ ഓറിയന്റേഷൻ (PDO) ലഘുലേഖ തയ്യാറാക്കിയിരിക്കുന്നു.2021 നവംബർ 11-ന് നടന്ന പ്രീ-ഡിപാർച്ചർ ഹാൻഡ്ബുക്കിന്റെ ദേശീയ ലോഞ്ച് ഇവന്റിൽ, ജോയിന്റ് സെക്രട്ടറിയും (ഓ ഐ എ ഐ ) ഐ സി എം സിഇഒയുമായ ശ്രീ.അബ്ദുഗാനി രാമു , യൂറോപ്യൻ യൂണിയന്റെ ഇന്ത്യയിലേക്കും ഭൂട്ടാനിലേക്കുമുള്ള പ്രതിനിധി സംഘത്തിന്റെ ഡെപ്യൂട്ടി ഹെഡ് ഓഫ് മിഷൻ, മിസ്റ്റർ സെഫോ നൂർമി എന്നിവർ ചേർന്ന് ഈ ലഘുലേഖ പ്രകാശനം ചെയ്തു .

ഇന്ത്യ-ഇയു കോമൺ അജണ്ട ഫോർ മൈഗ്രേഷൻ ആൻഡ് മൊബിലിറ്റിയുടെ (CAMM) അംഗീകരിച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന സാങ്കേതിക പദ്ധതിക്ക് കീഴിലാണ് ഈ ഹാൻഡ്ബുക്ക് തയ്യാറാക്കിയിരിക്കുന്നത്. യൂറോപ്യൻ യൂണിയനിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്ന ഇന്ത്യൻ കുടിയേറ്റക്കാർക്ക് സമഗ്രമായ വിവരങ്ങളും മാർഗനിർദേശങ്ങളും കൈപ്പുസ്തകം നൽകുന്നു.യൂറോപ്യൻ യൂണിയനിലേക്കുള്ള എമിഗ്രേഷനിൽ ഉൾപ്പെട്ടിരിക്കുന്ന പ്രക്രിയകൾ, ലഭ്യമായ വിസകളുടെ തരങ്ങൾ, പ്രീ അറൈവൽ, പോസ്റ്റ്-അറൈവൽ വിവരങ്ങൾ എന്നിവ പോലുള്ള അവശ്യ വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നു, അത് യൂറോപ്യൻ യൂണിയനിലേക്ക് മൈഗ്രേറ്റ് ചെയ്യാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഇത് സഹായകമായിരിക്കും. ഹാൻഡ്ബുക്ക് ഓൺലൈനിൽ ലഭ്യമാകുകയും വ്യാപകമായി വിതരണം ചെയ്യുകയും ചെയ്യുന്നതാണ്.

വിദേശത്ത് ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന എല്ലാ കുടിയേറ്റക്കാർക്കും പുറപ്പെടുന്നതിന് മുമ്പുള്ള ഓറിയന്റേഷൻ നൽകുന്നതിനുള്ള ഇന്ത്യൻ ഗവൺമെന്റിന്റെ ശ്രമങ്ങളിലേക്ക് ഈ പി ഡി ഓ ഹാൻഡ്ബുക്ക് ഒരു

പ്രധാന മുതൽക്കൂട്ടാണ് . ഇന്ത്യയ്ക്കും യൂറോപ്യൻ യൂണിയനും ഇടയിൽ സുരക്ഷിതവും നിയമപരവുമായ കുടിയേറ്റം ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളെ ഇത് ശക്തിപ്പെടുത്തും.

**ന്യൂ ഡെൽഹി**
**നവംബർ 11, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.